കമ്പനി മാനേജരുടെ പേരിൽ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്ത കേസ്സ് മാനേജർ തൊഴിലുടമയല്ല എന്ന കാരണത്താൽ വെറുതെ വിടുകയും, ബ്രൈമൂർ എസ്റ്റേറ്റ് ഡയറക്ടറുടെ പേരിൽ ഫയൽ ചെയ്ത കേസ്സിനെതിരെ എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഡയറക്ടർ ഹൈക്കോടതിയെ സമീപിച്ച് അനുകൂലമായ വിധി വാങ്ങിയ സാഹചര്യത്തിലും ടി എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്ക് നിയമത്തിൽ അനുശാസിക്കുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്.

(ബി) പീരുമേട് ടീ കമ്പനി എസ്റ്റേറ്റ് മാനേജരുടെ പേരിലും ബ്രൈമൂർ എസ്റ്റേറ്റ് സൂപ്രണ്ടിന്റെ പേരിലുമാണ് ഇവ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) ഈ തോട്ടം ഉടമകൾക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

46 (1885) കോട്ടയ്ക്കൽ ഇ.എസ്.ഐ ഡിസ്പെൻസറി

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. പി.എ. മജീദ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ എല്ലാവിധ സൗകര്യങ്ങളോടുംകൂടി ഇ.എസ്.ഐ ഡിസ്പെൻസറി സജ്ജീകരിക്കുവാൻ നടപടികളെടുക്കണമെന്ന് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ ഒരു ഇ.എസ്.ഐ ഡിസ്പെൻസറി സ്ഥാപിക്കുന്നകാര്യം പരിശോധിക്കണമെന്ന് ഇ.എസ്.ഐ കോർപ്പറേഷൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇ.എസ്.ഐ ചട്ടങ്ങൾ പ്രകാരം പുതിയ ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് വേണ്ടത്ര തൊഴിലാളികൾ നിർദ്ദിഷ്ട ചുറ്റളവിൽ ഇല്ലെന്നാണ് പരിശോധനയിൽ മനസ്സിലായത്. കൂടുതൽ തൊഴിലാളികളെ ഇ.എസ്.ഐ. അംഗങ്ങളാക്കി ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള ബാധ്യത ആരായാവുന്നതാണ്.

47 (1887) ബാലനീതി നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംവിധാനം

പ്രൊഫ: മീനാക്ഷി തമ്പാൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: